(സി) പ്രസ്തുത സ്കീം പ്രാവർത്തികമാകുമ്പോൾ ചെങ്ങന്നൂർ നഗരത്തിലെ ഏതെല്ലാം പ്രദേശവാസികൾക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കീമിന്റെ സ്കെച്ച്, പ്ലാൻ എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ചെങ്ങന്നൂർ അർബൻ വാട്ടർ സപ്ലൈസ് സ്കീം 2004-ൽ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരുന്നു. പുതിയ സ്കീമുകളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

**കൊല്ലങ്കോട് മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

**140 (1868)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ജലസേചന-കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്രരൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച എ, ബി പിരിവുകളുടെ മറുപടി ചുവടെ ചേർക്കുന്നു :

1. മുതലമട പഞ്ചായത്തിലെ ചെമ്മണം തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-26.50 ലക്ഷം രൂപ.
2. കൊല്ലംങ്കോട് പഞ്ചായത്തിലെ വാഴപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 23.50 ലക്ഷം രൂപ.

വാട്ടർ അതോറിറ്റിയുടെകീഴിൽ കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച എ,ബി പിരിവുകളുടെ മറുപടി ചുവടെ ചേർക്കുന്നു :

1. കൊടുവായൂർ-പുതുനഗരം കുടിവെള്ള പദ്ധതി-993.41 ലക്ഷം രൂപ.
2. ത്രിതല പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ-69 എണ്ണം - 105.30 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

3. എസ്.ഡി.എഫ്.എം.എൽ.എ. പ്രവൃത്തികൾ-ഒരെണ്ണം-57.53 ലക്ഷം.

4. എസ്.ഡി.പി.ഫണ്ട്.-പ്രവൃത്തികൾ-മൂന്നെണ്ണം.1.66 ലക്ഷം.

5. എം.പി. എൽ.എ.ഡി. പ്രവൃത്തികൾ-ഏഴെണ്ണം-25-85 ലക്ഷം.

6. റൂറൽ സ്കൂൾ/അംഗനവാടി എന്നിവയ്ക്കുള്ള കുടിവെള്ള പദ്ധതികൾ-8എണ്ണം-7.18 ലക്ഷം

ത്രിതല പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ 20 എണ്ണം പൂർത്തീകരിക്കാനുണ്ട്. ഭൂജലവകുപ്പിന്റെകീഴിൽ കൊല്ലംകോട് മണ്ഡലത്തിൽ 2007-08 വർഷത്തിൽ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ പൊന്നുമംഗലത്ത് ഹാൻഡ് പമ്പ് സ്കീമും, 2010-11 വർഷത്തിൽ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ കാവുറോഡിൽ പമ്പിംഗ് വാട്ടർ സപ്ലൈ സ്കീമും, പല്ലശ്ശേന ഗ്രാമപഞ്ചായത്തിൽ തുണ്ടം പറമ്പിൽ പമ്പിംഗ് വാട്ടർ സ്പ്ലൈ സ്കീമും നടപ്പാക്കി.

കാനഡയുടെകീഴിൽ 75% കേന്ദ്ര സഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ വേണ്ടി കൊല്ലംകോട് മണ്ഡലത്തിലെ മുനിയപ്പൻ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. ജലനിധിയുടെ കീഴിൽ കൊല്ലങ്കോട് മണ്ഡലത്തിൽ 13 ഗുണഭോക്തൃതല ചെറിയ കുടിവെള്ള പദ്ധതികളിലൂടെ 332 കുടുംബങ്ങൾക്ക് കുടിവെള്ളം കൊടുത്തിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-1) കീഴിൽവരുന്ന പലകപ്പാണ്ടി ഡൈവേർഷൻ സ്കീം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അടങ്കൽ തുക 1290 ലക്ഷം രൂപ.

(ബി) ജലനിധിയുടെകീഴിൽ കൊല്ലംകോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ് :

| | | | |
|---|---|---|---|
| 1. | തനിമ ഗുണഭോക്തൃ സമിതി | - | 709324 രൂപ |
| 2. | ഭവാനി " " | - | 594190 " |
| 3. | പെരിയാർ " " | - | 509358 " |
| 4. | ഹരിത " " | - | 544439 " |
| 5. | അകാശ ഗംഗ " " | - | 436722 " |
| 6. | കശ്യപ " " | - | 456819 " |
| 7. | സരയു " " | - | 471096 " |
| 8. | സീത " " | - | 2,90,120 " |
| 9. | ബി.എസ്.എസ്സ്. " " | - | 1,57,237 " |

LIBRARY ARCHIVES Kerala Legislative Assembly

10. പി.ബി.തീർത്ഥം " " - 4,38,795 "

11. ജോഗിനിമാതാ സ്കൂൾ " " - 327047 "

12. കാശ്മീരം " " - 539926 "

13. ധാര " " - 58376 "

ജലനിധി പദ്ധതികൾ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പിന്റെ കീഴിൽ കൊടുവായൂർ പൊന്നുമംഗലത്ത് ഹാന്റ് പമ്പ് സ്കീമിന് 36,550 രൂപയും പല്ലശ്ശേന തുണ്ടംപറമ്പ് പമ്പിംഗ് വാട്ടർ സപ്ലൈ സ്കീമിന്-3,12,400 രൂപയും കൊടുവായൂർ കാവുറോഡ് പമ്പിംഗ് വാട്ടർ സപ്ലൈ സ്കീമിന് 309000 രൂപയും എലവഞ്ചേരി തുറ്റിപ്പാടം പമ്പിംഗ് വാട്ടർ സപ്ലൈ സ്കീമിന് 202125 രൂപയും ചെലവഴിച്ചു.

ഈ പദ്ധതികളിൽ എലവഞ്ചേരി തുറ്റിപ്പാടം സ്കീം ഒഴികെ മറ്റുസ്കീമുകൾ പൂർത്തീകരിച്ചു. ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-1) കീഴിൽ പലകപാണ്ടി പദ്ധതിക്കായി ഇതുവരെ 1134 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കാഡയുടെകീഴിൽ മുനിയപ്പൻ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 9,75,515 രൂപ ചെലവഴിച്ചു.

(സി) ജലനിധിയുടെകീഴിൽ കൊല്ലംകോട് പഞ്ചായത്തിലെ എല്ലാ ജലനിധി പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) ചെമ്മണംതോട്, വാഴപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വാഴപ്പുഴ പദ്ധതിയുടെ പണി പുരോഗതിയിലാണ്. ചെമ്മണംതോട് പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പണി ആരംഭിക്കുന്ന ഘട്ടത്തിലാണ്. ജൂൺ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-1) കീഴിൽ പലകപാണ്ടി പദ്ധതി 2011 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂജല വകുപ്പിന്റെകീഴിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ തുറ്റിപ്പാടം കോളനിയിലെ പദ്ധതി 2010-11 മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

വാട്ടർ അതോറിറ്റിയുടെകീഴിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly